ഇലക്ട്രിക്ക് ലൈൻ നീട്ടണമെന്നുള്ള അപേക്ഷ.

52. (646) ശ്രീ. പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളഗപ്പനഗർ പഞ്ചായത്തിൽ പൂക്കോട്, വരാക്കര, പട്ടണത്തറ എന്നീ പ്രദേശങ്ങളിലേക്കു കൃഷിയാവശ്യങ്ങൾക്കുവേണ്ടി ഇലക്ട്രിക് ലൈൻ നീട്ടണമെന്നുള്ള അപേക്ഷ എന്നാണുകിട്ടിയത്;

(ബി) അതിന്റെ എസ്റ്റിമേറ്റു തയ്യാറാക്കിയത് എന്നാണ്;

(സി) മിനിമംഗാരൻറി നൽകിയത് എന്നാണ്;

(ഡി) സാങ്കേതികമായ കാരണങ്ങൾ പറഞ്ഞത് കാലതാമസം വരുത്താതെ ഉൾപ്രദേശങ്ങളിലേക്ക് ഇലക്ട്രിക്ക് ലൈൻനീട്ടുന്നതിന് അടിയന്തിര നടപടികളെടുക്കുവാൻ ഇലക്ട്രിസിറ്റി ബോർഡിനെ നിർബന്ധിക്കുമോ?

ഉത്തരം

(എ) 1964–ലാണ് പഞ്ചായത്ത് ആദ്യമായി അപേക്ഷിച്ചത്.

(ബി) എസ്റ്റിമേറ്റുകൾ 1969 ഫെബ്രുവരിയിലും, ഏപ്രിലിലും എറണാകുളം സ്പെഷ്യൽ എൻജിനീയർ (ഇലക്ട്രിക്കൽ) അംഗീകാരം നൽകി.

(സി) 1969 ജൂണിലും, ആഗസ്റ്റിലും മിനിമംഗ്യാരൻറി എഗ്രിമെൻറുകൾ വയ്ക്കപ്പെട്ടു.

(ഡി) മുൻഗണനാക്രമവും സാദ്ധ്യതയുമനുസരിച്ച് ബോർഡ് പ്രസ്തുത ജോലികൾ ഏറെറടുക്കുന്നതാണ്.

ചൂരഹിതർ.

53. (654) ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിൽവെയ്ക്കുവാൻപോലും സ്ഥലമില്ലാത്ത ചൂരഹിതരായ ആളുകൾ റോഡു വക്കുകളിലും പുഴയരികിലും കനാൽതിട്ടകളിലും പുറംപോക്കെന്നു കരുതപ്പെടുന്ന മറ്റുസ്ഥലങ്ങളിലും കുടിൽകെട്ടിതാമസിക്കുന്നതായി ഗവൺമെൻറു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം കുടിൽകെട്ടിത്താമസിക്കുന്നവർ തൃശ്ശൂർജില്ലയിൽ എത്രയുണ്ട്;

(സി) അവർക്ക് സ്ഥിരമായ താമസസൌകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ ഗവൺമെൻറിനു വല്ല പദ്ധതിയും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കൃത്യമായ കണക്ക് എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) കയ്യോറക്കാർക്ക് നിലവിലുള്ള നിയമപ്രകാരം ഭൂമിക്ക് അർഹതയുള്ളപക്ഷം കൈവശഭൂമി പതിച്ചുകൊടുക്കേണ്ടതാണെങ്കിൽ അവർക്കത് പതിച്ചുകൊടുക്കും. ഷൺമുഖംകനാൽ തീരത്തുള്ള കുടികിടപ്പുകാർക്ക് ഈയിടെ ഭൂമിപതിച്ചുകൊടുക്കുകയുണ്ടായി. എന്നാൽ ഭൂമിപതിച്ചുകൊടുക്കേണ്ടതല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടിവേണ്ടിവരും. അർഹതയുള്ളവർക്ക് പകരംഭൂമി കൊടുക്കുകയും ചെയ്യാം.

പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ

54. (655) ശ്രീ. പി. വി. ഏലിയാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഇലക്ട്രിക് സബ് ഡിവിഷനിലുൾപ്പെടുന്ന പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വർഷമാണ് ഉൾപ്പെടുത്തിയത്;

(സി) ഈ ജോലി പൂർത്തിയാകുന്നതിന് ഇത്രയധികം കാലതാമസം വരുന്നതിനു കാരണമെന്താണ്;

(ഡി) 1970 മാർച്ച് 15–ാം തീയതിക്കകമായി ഈ ലൈൻ വലിച്ച് കണക്ഷൻ നൽകാത്തപക്ഷം മൂവാറ്റുപുഴ ഇലക്ട്രിക്സബ്ഡിവിഷനാഫീസിന്റെ മുമ്പിൽ പായിപ്ര പഞ്ചായത്തിലെ പ്രസ്തുത ലൈനിനു ഗാരൻറി നൽകിയിട്ടുള്ളവർ സത്യാഗ്രഹസമരം ആരംഭിക്കുമെന്നു കാണിച്ച് ഗവൺമെൻറിനു നോട്ടീസു നൽകിയിട്ടുണ്ടോ;

(ഈ) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1968–69–ൽ

(സി) 1968 ഡിസംബറിലാണ് മിനിമംഗാരൻറി എഗ്രിമെൻറു വച്ചത്. ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമപ്രകാരം ഇതു പൂർത്തിയാക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഈ) എത്രയുംവേഗം ജോലി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥി യുവജന വാളൻറിയർമാരുടെപേരിലെടുത്ത കേസുകൾ

55. (656) ശ്രീ. പി. വി. ഏലിയാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ആഗസ്റ്റ് 15–ാം തീയതി വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പ്രവർത്തകർ രണ്ടാംകപ്പൽ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly